**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2853** **22-01-2021 - ൽ മറുപടിയ്ക്ക്**

**കുപ്പിവെള്ള പ്ലാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . സി. മമ്മൂട്ടി | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിൽ ആരംഭിച്ച കുപ്പിവെള്ള പ്ലാന്റ് ജല അതോറിറ്റി തന്നെ നടത്തണമെന്നത് സംബന്ധിച്ച് വകുപ്പ് സ്വീകരിച്ച നടപടി അറിയിക്കുമോ; | (എ) | അരുവിക്കര ഡാമിനു സമീപം ജല അതോറിറ്റിയുടെ കൈവശമുള്ള സ്ഥലത്ത് കുപ്പിവെള്ള നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിന് ഭരണാനുമതി നൽകുകയുണ്ടായി. തുടർന്ന് കേരള വാട്ടർ അതോറിറ്റി പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചെങ്കിലും വിവിധ കാരണങ്ങളാൽ പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ നീണ്ടുപോയി. മാത്രവുമല്ല ഡിസൈനിലെ ചില സാങ്കേതിക തകരാറുകൾ മൂലം BIS മുതലായ സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ലഭിയ്ക്കുന്നതിന് പ്രയാസവും നേരിട്ടു. ഇതിനെ തുടർന്ന് 28.02.2020 ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ.17/2020/WRD പ്രകാരം അരുവിക്കര കുപ്പിവെള്ള പ്ലാന്റിന്റെ തുടർ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് മുന്നോട്ടു കൊണ്ടു പോകുന്നതിനായി കുപ്പിവെള്ള നിർമ്മാണ വിതരണ രംഗത്ത് പരിചയ സമ്പത്തുള്ളതും സർക്കാർ ഉടമസ്ഥതയിൽ ജലവിഭവ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്നതുമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കോർപറേഷൻ (KIIDC) എന്ന സ്ഥാപനത്തിന് പ്ലാന്റ് കൈമാറി ഉത്തരവായി. |
| (ബി) | കുപ്പിവെള്ള പ്ലാന്റ് പൊതുമേഖല സ്ഥാപനമായ കിഡ്കിന് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | 28.02.2020-ലെ സർക്കാർ ഉത്തരവ് (കൈ) നം.17/2020/ജ.വി.വ നമ്പർ സർക്കാർ ഉത്തരവിൽ പറയുന്ന വ്യവസ്ഥകൾ അനുസരിച്ച് 2020 മെയ് മാസം അഞ്ചാം തീയതി KIIDC-ഉം KWA-യും തമ്മിൽ കരാറിൽ ഒപ്പുവയ്ക്കുകയും കുപ്പിവെള്ള പ്ലാന്റ് KIIDC-ന് കൈമാറുകയും ചെയ്തു. 16.01.2021-ൽ പ്ലാന്റിന്റെ ഉദ്ഘാടനം നിർവ്വഹിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (സി) | ഇത് സംബന്ധിച്ചുള്ള ആശങ്കകൾ പരിഹരിച്ച് കുപ്പിവെള്ള പ്ലാന്റ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | അരുവിക്കര കുപ്പിവെള്ള പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്ലാന്റ് 16.01.2021-ൽ ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ